Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2023/1515 (3)

തീയതി :06.02.2023

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് നൽകിയ Acer ലാപ്ടോപ്പുകളുടെയും Acer പ്രൊജക്ടറുകളുടെയും വാറണ്ടി ദീർഘിപ്പിക്കൽ - കേട്പാടുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം 165/ 2018/ പൊ.വി.വ. തീയതി 10.01.2018.
2. ഈ ഓഫീസിലെ 17.01.2018 ലെയും 19.01.2018 ലെയും KITE/ 2018/ 1515-6 (1), KITE/ 2018/ 1515-6 (3) നമ്പർ സർക്കുലറുകൾ.
3. ഈ ഓഫീസിലെ 16.12.2022 ലെ KITE/ 2022/ 1515 (20) നമ്പർ സർക്കുലർ.
4. Acer India Pvt. Ltd.ന്റെ Area Business Manager ടെ 03.02.2023 ലെ ഇ-മെയിൽ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് 2018 ജനുവരി 22 മുതൽ മെയ് 30 വരെ ലഭ്യമാക്കിയ BenQ പ്രൊജക്ടറുകൾക്ക് 2023 ജനുവരി മുതൽ അവസാനിച്ചിരുന്ന 5 വർഷ വാറണ്ടി 2023 ജൂൺ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അതിനുതുടർച്ചയായി X125H, X1223H എന്നീ മോഡൽ Acer പ്രൊജക്ടറുകൾക്കും Acer one 14Z476 ലാപ്ടോപ്പുകൾക്കും ഉണ്ടായിരുന്ന 5 വർഷ വാറണ്ടി 2023 ജനുവരി മുതൽ അവസാനിക്കുന്ന മുറയ്ക്ക് ദീർഘിപ്പിക്കുന്നതിന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ Acer അധികൃതരുമായി ചർച്ച നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സൂചന 4 അനുസരിച്ച് പ്രസ്തുത പ്രൊജക്ടറുകളുടെ ഓൺസൈറ്റ് വാറണ്ടി 2023 ജൂൺ 30 വരെയും ലാപ്ടോപ്പുകൾക്ക് 2023 മാർച്ച് 31 വരെയും ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഉപകരണങ്ങൾ നൽകുന്നത് കുട്ടികളുടെ പഠന-ബോധന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാണ്.

മേൽസാഹചര്യത്തിൽ 2018 ജനുവരി 22 മുതൽ ജൂൺ 01 വരെ സ്കൂളുകൾക്ക് ഹൈടെക് പദ്ധതി പ്രകാരം ലഭ്യമാക്കിയ Acer പ്രൊജക്ടറുകൾക്കും ലാപ്ടോപ്പുകൾക്കും ഏതെങ്കിലും വിധത്തിലുള്ള പ്രവർത്തന തകരാറ് സംഭവിച്ചിട്ടുണ്ടെങ്കിൽ ഓരോ സ്കൂളും യഥാസമയം പരാതി ബന്ധപ്പെട്ട ഏജൻസികൾ/സർവീസ് പ്രൊവൈഡറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പരാതി രജിസ്ട്രേഷൻ പോർട്ടലിൽ (kite.kerala.gov.in/support) രേഖപ്പെടുത്തി പരിഹാരം കാണേണ്ടതാണ്. പരാതി രേഖപ്പെടുത്തുന്നവിധം യൂസർ മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. പരാതികൾ രേഖപ്പെടുത്തുമ്പോൾ സ്കൂളിന്റെ പൂർണ്ണമായ മേൽവിലാസം, പിൻകോഡ്, ഫോൺ നമ്പർ, ഇ-മെയിൽ, രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേര്, മൊബൈൽ ഫോൺ നമ്പർ എന്നിവ കൃത്യമായി നൽകേണ്ടതാണ്. പരാതി രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള പ്രയാസം നേരിട്ടാൽ കൈറ്റിന്റെ ടോൾഫ്രീ നമ്പർ (18004256200) ഉപയോഗിക്കേണ്ടതാണ്.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് മാത്രമാണ് ഈ പോർട്ടലും കോൾസെന്ററും ബാധകമാവുന്നത്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ)/ എ.ഡി (വി.എച്ച്.എസ്.ഇ)മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക് ഫയൽ